"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.മുഹമ്മദ് ഫറൂഖ്, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), ഡോ.ജീവ് ജസ്റ്റസ്, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക് സർജറി) എന്നിവർ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1141/2023, OA 1146/2023-ന്മേലുള്ള 30.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2534/2023/H&FWD തീയതി,തിരുവനന്തപുരം, 02-10-2023

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇഎ1-5160/2023/ആവഡ നമ്പർ നടപടിക്രമം.
2. ഡോ.ജീവ് ജസ്റ്റസ്, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക് സർജറി) ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 18.06.2023-ലെ അപ്പീൽ അപേക്ഷ (Annexure A-8 - OA 1146/2023).
3. ഡോ.മുഹമ്മദ് ഫറൂഖ്, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 24.06.2023-ലെ അപ്പീൽ അപേക്ഷ. (Annexure A-7 - OA 1141/2023))
4. OA 1141/2023, OA 1146/2023 എന്നിവയിന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30.06.2023-ലെ ഉത്തരവ്.
5. സ.ഉ. (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

കോഴിക്കോട് കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.മുഹമ്മദ് ഫറൂഖ്, ടിയാളെ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ പരിഗണിക്കാത്തതിനെതിരെ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയും, അതേ വിഷയത്തിൽ ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 1141/2023 ഫയൽ ചെയ്യുകയുമുണ്ടായി. സമാനമായ വിഷയത്തിൽ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ ഓർത്തോപീഡിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ജീവ് ജസ്റ്റസ് ബഹു:ട്രൈബ്യൂണലിന് മുമ്പാകെ OA 1146/2023 ഫയൽ ചെയ്യുകയും സർക്കാർ മുമ്പാകെ പരാമർശം (2) അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. രണ്ടു കേസുകളും പരിഗണനയിലെടുത്ത ബഹു:ട്രൈബ്യൂണൽ,

491905

GOVERNMENT OF KERALA 2017-18

മേൽ മെഡിക്കൽ ഓഫീസർമാർ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ച Annexure A7 (OA 1141/2023), Annexure A8 (OA 1146/2023) എന്നീ അപ്പീൽ അപേക്ഷകൾ പരിഗണിക്കുന്നതിനും ഒരുമാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും, ഒന്നാം എതിർകക്ഷിയായ സർക്കാരിന് 30.06.2023-ലെ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2) ഡോ.മുഹമ്മദ് ഫാറൂഖ് സമർപ്പിച്ച Annexure-7 അപ്പീൽ അപേക്ഷയുടെ സംഗ്രഹം ചുവടെ ചേർക്കുന്നു:

തൃശ്ശൂർ സ്വദേശിയായ ടിയാൾ നാല്വ വർഷമായി കോഴിക്കോട് കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ജോലി നോക്കുന്നു. 200 കി.മീ യാത്ര ചെയ്താണ് ജോലിസ്ഥലത്ത് എത്തുന്നത്. മാതാപിതാക്കൾ വൃദ്ധരും അസുഖബാധിതരുമാണ്. കുന്നംകുളം താലൂക്ക് ആശുപത്രിയിൽ ഡോ.പ്രീതി 7 വർഷമായി അവിടെ തുടരുന്നു. പൊന്നാനി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിക്കൊണ്ട് കരട് ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിരുന്നെങ്കിലും അന്തിമ ഉത്തരവിൽ മാറ്റപ്പെട്ടു. പൊന്നാനി താലൂക്ക് ആശുപത്രിയിലെ ഡോ.ഷെമീർ 3 വർഷമായി ഈ സ്ഥാപനത്തിൽ തുടരുന്നു. കുറ്റിപ്പുറം താലൂക്ക് ആശുപത്രി, ചാലിശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രം, വടക്കാഞ്ചേരി ജില്ലാ ആശുപത്രി എന്നിവിടങ്ങളിലേയ്ക്ക് സ്ഥലംമാറ്റം അപേക്ഷിച്ചിരുന്നു.

3) ഡോ.ജീവ് ജസ്റ്റസ് സമർപ്പിച്ച Annexure-8 അപ്പീൽ അപേക്ഷയുടെ സംഗ്രഹം ചുവടെ ചേർക്കുന്നു:

നിലവിലെ സ്റ്റേഷനായ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ മൂന്നര വർഷം പൂർത്തിയായതിനാൽ, ജൂനിയർ കൺസൾട്ടന്റ്മാരുടെ 2023-ലെ പൊതുസ്ഥലംമാറ്റത്തിൽ പത്തനംതിട്ട അടൂർ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അപേക്ഷിക്കുകയും, കരട് സ്ഥലംമാറ്റ പട്ടികയിൽ അപേക്ഷയിലെ ആവശ്യപ്രകാരം അടൂർ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ 31.05.2023-ൽ പുറപ്പെടുവിച്ച അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ അടൂർ ജനറൽ ആശുപത്രിയിലേയ്ക്കുള്ള സ്ഥലംമാറ്റം റദ്ദ് ചെയ്യുകയും, ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ നിലനിറുത്തുകയും ചെയ്തിരിക്കുന്നു. അടൂർ ജനറൽ ആശുപത്രിയിൽ നിലവിൽ ജോലി നോക്കി വരുന്ന ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക് സർജറി) പ്രസ്തുത സ്ഥാപനത്തിൽ 4 വർഷ സേവനം പൂർത്തിയാക്കിയിട്ടുണ്ട്. 40% ഭിന്നശേഷിയുള്ളതും, മിശ്രവിവാഹിതനുമാകുന്നു. ആയതിനാൽ അടൂർ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണം.

4) 2023-ലെ പൊതുസ്ഥലംമാറ്റത്തിനെതിരെ സമർപ്പിച്ച അപ്പീലുകൾ പരിശോധിക്കുന്നതിനായി പരാമർശം (5) പ്രകാരം രൂപീകരിച്ച കമ്മിറ്റി ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ്

GOVERNMENT OF KERALA 2017-18

ഡോ.മുഹമ്മദ് ഫറൂഖ്, ഓർത്തോപീഡിക് സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ജീവ് ജസ്റ്റസ് എന്നിവരുടെ അപ്പീൽ അപേക്ഷകൾ പരിശോധിച്ചു. 12/06/2019 മുതൽ കുറ്റിയാടി താലൂക്ക് ആശുപത്രിയിൽ ജോലിയിൽ തുടർന്നു വരുന്ന ഡോ.മുഹമ്മദ് ഫറൂഖ് സ്ഥലംമാറ്റത്തിനായി അപേക്ഷിച്ച പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ, 21/11/2018 മുതൽ കൽപ്പറ്റ ജനറൽ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.സുനിൽ ജോയ്സണെ നിയമിച്ചിരുന്നു. രണ്ടാം ഓപ്റ്റഡ് സ്റ്റേഷനായ കുന്നംകുളം താലൂക്ക് ആശുപത്രിയിൽ സ്ഥലം മാറ്റത്തിന് പരിഗണിക്കാവുന്ന ആരും തന്നെ ഉണ്ടായിരുന്നില്ല. ആയതിനാൽ ഡോ.മുഹമ്മദ് ഫറൂഖ് സ്ഥലംമാറ്റത്തിനായി അപേക്ഷിച്ച സ്ഥാപനങ്ങളിൽ ടിയാൾക്ക് നിലവിൽ നിയമനം നൽകുവാൻ സാധിക്കുകയില്ല. ഡോ.ജീവ് ജസ്റ്റസ് പത്തനംതിട്ട അടൂർ ജനറൽ ആശുപത്രിയിൽ ജോലി നോക്കി വരവേ രോഗിയുടെ ബന്ധുവിനോട് കൈക്കൂലി ആവശ്യപ്പെട്ടു എന്ന പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ടിയാൾക്കെതിരെ VC02/18 നമ്പർ ട്രാപ് കേസ് രജിസ്റ്റർ ചെയ്ത് മെഡിക്കൽ ഓഫീസറെ അറസ്റ്റ് ചെയ്യുകയും, 48 മണിക്കൂറിൽ കൂടുതൽ കസ്റ്റഡിയിൽ സൂക്ഷിക്കുകയുമുണ്ടായി. തുടർന്ന് ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, അനന്തരം വടക്കൻ ജില്ലകളിൽ നിയമനം നൽകണമെന്ന വ്യവസ്ഥയിൽ വിജിലൻസിന്റെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ഡോ.ജീവ് ജസ്റ്റസിനെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുവാൻ അനുവാദം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത വിജിലൻസ് കേസിന്റെ അന്തിമ വിധി ഇതുവരെ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഡോ.ജീവ് ജസ്റ്റസിന് പത്തനംതിട്ട അടൂർ ജനറൽ ആശുപത്രിയിൽ സ്ഥലംമാറ്റം നൽകേണ്ടതില്ല എന്ന് കമ്മിറ്റി തീരുമാനിച്ചു.

5) മേൽ സാഹചര്യത്തിൽ, കോഴിക്കോട് കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.മുഹമ്മദ് ഫറൂഖ് ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ ഓർത്തോപീഡിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ജീവ് ജസ്റ്റസ് എന്നിവരുടെ പരാമർശം (3), (2) അപ്പീലുകൾ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ആലപ്പുഴ / കോഴിക്കോട്.
ഡോ.മുഹമ്മദ് ഫറൂഖ്, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), കൊത്തോട്ടുകളം, പുന്നയൂർകുളം.പി.ഒ., തൃശ്ശൂർ - 679 561.
ഡോ.ജീവ് ജസ്റ്റസ്, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ), സ്നേഹം, കൊന്നമൺകര,

GOVERNMENT OF KERALA 2017-18

സ.ഉ.(സാധാ) നം.2534/2023/H&FWD

അടൂർ.പി.ഒ., പത്തനംതിട്ട - 691 523.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 02-10-2023 21:21:24
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.ഒ1 - 5160/2023/ആ.വ.ഡ തീയതി 3/10/23 സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും വേണ്ടനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി.

GOVERNMENT OF KERALA 2017-18